ശ്രീ. ഇ. അഹമ്മദ്: വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന കാസർകോഡ് പ്രദേശത്ത് ഒരു ഇലക്ട്രോണിക് വാച്ചുകമ്പനി ആരംഭിക്കാൻ പോകുന്നതായി പത്രവാർത്ത കണ്ടു. അക്കാര്യമാണോ ഇപ്പോഴം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്? ആണെങ്കിൽ അക്കാര്യം എന്തായി?

ശ്രീ. പി.എസ്. ശ്രീനിവാസൻ: കാസർകോഡ് ഫാക്ടറിക്ക് തടസ്സമൊന്നുമില്ല. എച്ച്.എം.ടി. യുടെ സഹായത്തോടുകൂടി ഒരു വാച്ചു നിർമ്മാണ ഫാക്ടറി അവിടെ സ്ഥാപിച്ചുനടപ്പിലാക്കാനുള്ള എല്ലാ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി.ജെ. ജോസഫ്: വാച്ചുനിർമ്മാണത്തിൽ വളരെയേറെ പുരോഗമിച്ചിട്ടുള്ള സ്വിറ്റ്സർലണ്ടിൽ വാച്ചുനിർമ്മാണം ചെറുകിട വ്യവസായമായും കുടിൽവ്യവസായമായും നടത്തുകയാണ്. അതുപോലെ കേരളത്തിലും ചെറിയതോതിൽ കുടിൽവ്യവസായവും ചെറുകിട വ്യവസായവുമായി നടത്താൻവേണ്ടി ഒരു പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനു ശ്രമിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഇപ്പോഴം അങ്ങനെയൊരു സ്കീം തയ്യാറാക്കിയിട്ടില്ല.

ശ്രീ. ഇ.പി. ഗോപാലൻ: ഇലക്ട്രോണിക് വാച്ചുകളുണ്ടാക്കാനുള്ള ലൈസൻസിനുവേണ്ടി അപേക്ഷ അയക്കുകയാണോ ചെയ്തത്? ഗവൺമെൻറ് തലത്തിലും മന്ത്രിതലത്തിലും എന്തെങ്കിലും നിവേദനമോ ചർച്ചയോ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി അതിനു ശ്രമിക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഈ കഴിഞ്ഞ ആഴ്ചയിലും മന്ത്രിതലത്തിലുള്ള നിവേദനങ്ങളും ചർച്ചകളും നടന്നിട്ടുണ്ട്.

ശ്രീ. പി.പി. എസ്തോസ്: ഇലക്ട്രോണിക് വാച്ചുനിർമ്മാണം എച്ച്.എം.ടി. നടത്താൻപോകുന്നതായി പത്രവാർത്ത ഉണ്ടായിരുന്നു. അതാണോ ഇലക്ട്രോണിക് കോർപ്പറേഷന്റെ ലൈസൻസ് പരിഗണനയിൽ എന്നു പറഞ്ഞ് വച്ചു നീട്ടുന്നതിനു കാരണം?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതാണു കാരണമെന്നു തോന്നുന്നില്ല. എച്ച്.എം.ടി.യുടെ സഹായത്തോടുകൂടിയുള്ള ഒരു വാച്ച് നിർമ്മാണശാല കാസർകോഡ് ആരംഭിച്ചിട്ടുണ്ട്. മറ്റു മേഖലകളിലാണ് ഇപ്പോഴം ലൈസൻസ് ചോദിച്ചുകൊണ്ടിരിക്കുന്നത്.

## ശബരിമല വികസന പരിപാടി

* 781 [851] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിന് എത്ര ഏക്കർ ഭൂമി എവിടെ നിന്നെല്ലാം ദേവസ്വംബോർഡിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്;

(ബി) ഇതിന്റെ നടപടികഠ വൈകുന്നതിന്റെ കാരണങ്ങഠ എന്തെല്ലാമാണ്?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ) ഇക്കാര്യത്തെക്കുറിച്ച് തീരുമാനമായിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഥലം പരിശോധിച്ചതിനുശേഷം മാത്രമേ എത്ര ഏക്കർ ഭൂമി എവിടെയെല്ലാം കൊടുക്കണമെന്ന് തീരുമാനിക്കാനാവൂ. ഇതിലേക്കുവേണ്ടി ആവശ്യമായ സ്ഥലങ്ങളുടെ വിശദവിവരങ്ങളും സ്കെച്ചും അയച്ചുതരുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയോട് 13.12.1978-ൽ ആവശ്യപ്പെട്ടിരിക്കുകയാണ്. അവ ലഭിച്ചു കഴിഞ്ഞാൽ ഉടനേ മേൽനടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: അങ്ങനെ ഗവൺമെന്റിൽ നിന്നും വിട്ടുകിട്ടുന്ന ഭൂമി എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുക എന്ന് ബോർഡ് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണെന്നു വിശദീകരിക്കാമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അവരുടെ ആവശ്യങ്ങളും സ്ഥലവും അത് എവിടെയെല്ലാമാണു വേണ്ടതെന്നുള്ളതുമായ വിശദവിവരങ്ങളോടുകൂടിയാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നത്.

ശ്രീ. സേവ്യർ അറയ്ക്കൽ: ശബരിമലയ്ക്കു കൊടുത്തിട്ടുണ്ട്. ആവശ്യപ്പെട്ടിട്ടുണ്ട് എന്നുപറഞ്ഞു. മറ്റുള്ള മതസ്ഥാപനങ്ങളും ആവശ്യപ്പെട്ടാൽ അവർക്കുംകൂടി സ്ഥലംകൊടുക്കുന്നകാര്യത്തിൽ മുൻകൈയെടുക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: എല്ലാ മതസ്ഥാപനങ്ങൾക്കും അത്യാവശ്യമായി വേണ്ടിവരുന്ന സ്ഥലം കൊടുക്കുന്നുണ്ട്. ദൈവത്തിനായാലും മനുഷ്യനായാലും വനഭൂമി ആവശ്യപ്പെട്ട് അനുവാദവും വാങ്ങിയിട്ട് അങ്ങോട്ട് പ്രവേശിക്കുന്നതാണ് നല്ലത്, അതാണുവേണ്ടത് അങ്ങനെ ചെയ്യണമെന്നുമാത്രമേ എനിക്കഭ്യർത്ഥിക്കാനുള്ളു.

## (ii) അടിയന്തിര ചോദ്യം

### കരിമ്പുകൃഷിക്കാരുടെ പരാധീനതകൾ

* 782 [2] ശ്രീ. തെന്നല ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരിമ്പുകൃഷിക്കാർക്ക് പഞ്ചസാര കമ്പനികളിൽനിന്നും കൊടുക്കുന്ന വില ഉൽപ്പാദന ചെലവുമായി സാമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി എടുത്തു എന്നു പറയാമോ;

(സി) കരിമ്പിൽനിന്നു കിട്ടുന്ന എല്ലാ ഉൽപ്പന്നങ്ങളുടെയും ആദായം കണക്കിലെടുത്ത് വില നിശ്ചയിക്കാത്തതെന്തുകൊണ്ടാണ്?

വ്യവസായവും വനവുംവകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ) കരിമ്പുകൃഷിക്കാർക്ക് കരിമ്പ് കമ്പനിയിലെത്തിക്കുമ്പോൾ ടണ്ണിന് 130 രൂപവീതം ലഭിക്കുന്നു. കേന്ദ്രസർക്കാർ നിശ്ചയിച്ചിരുന്ന വില പന്തളത്തും തിരുവല്ലായിലും 100 രൂപയും ചിറ്റൂരിൽ 108 രൂപ 20 പൈസയുമാണ്. ഇവിടത്തെ ഉൽപ്പാദനച്ചെലവും കൂടി കണക്കിലെടുത്തുകൊണ്ടാണ് 130 രൂപ നൽകണമെന്ന് കമ്പനികളോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly